# വാർഷികം പ്രമാണിച്ച് സി.എം സ്പീച്ച് & ഹീയറിംഗ് സെന്ററിൽ മുതിർന്ന പൗരൻമാരെ ആദരിക്കലും സ്പെഷ്യൽ ഡിസ്കൗണ്ടുകളും

ജില്ലയിലെ തന്നെ ആദ്യത്തെ സ്ഥാപനവും സിവിൽ സ്റ്റേഷൻ റോഡിൽ പാലാട്ട് ജംഗ്ഷനിൽ പ്രവർത്തിക്കുന്നതുമായ സി.എം.സ്പീച്ച് & ഹീയറിംഗ് സെന്റർ സേവന പാതയിൽ 20 വർഷം പൂർത്തികരിക്കുന്നു.

ആശയ വിനിമയമാണ് മനുഷ്യനെ സാമൂഹിക ചാറ്റുപാടുമായി ബന്ധിപ്പിക്കുന്നത്. എന്നാൽ കേൾവിക്കുറവോ, സംസാര വൈകല്യമോ ഉണ്ടെങ്കിൽ സാമൂഹിക ബന്ധത്തെ സാരമായി ബാധിക്കുന്നു. ചിലപ്പോൾ ജീവിതത്തിൽ ഒറ്റപ്പെടലിന്റെ അവസ്ഥവരെ ഉണ്ടാകുന്നു.

നവജാത ശിശുക്കൾ മുതൽ എല്ലാവരുടെയും കേൾവി ശക്തി പരിശോധിക്കാനുള്ള എല്ലാവിധ കേൾവി പരിശോധനകളും ഇവിടെ ലഭ്യമാണ്. കൂടാതെ എല്ലാവിധ ശ്രവണ സഹായികളും, ചെവിക്ക് പിന്നിൽ വെക്കുന്നത്, ഉള്ളിൽ വെക്കുന്നത്, ബാറ്ററിയിൽ പ്രവർത്തിക്കുന്നത്, റീചാർജ്ജ് ചെയ്യുന്നത്, ബ്ലൂടൂത്ത് ഉള്ളത് എന്നിവയും ഇവയുടെ അനുബന്ധ സാധനങ്ങളും ലഭ്യമാണ്.

എല്ലാവിധ സംസാര -ഭാഷ വൈകല്യങ്ങൾക്ക് സ്പീച്ച് തെറാപ്പിയും കൂടാതെ ബിഹേവിയറൽ തെറാപ്പി, ഒക്യൂപേഷണൽ തെറാപ്പിയും ലഭ്യമാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികൾക്കും ഫുൾടൈം ക്ലാസ്സുകൾ നടത്തിവരുന്നു. ഈ സ്ഥാപനം ഞായർ ഒഴികെ എല്ലാദിവസവും രാവിലെ 9 മണി മുതൽ 6 മണിവരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

20 - ാം വാർഷികത്തോടനുബന്ധിച്ച് ഈ മാസം അവസാനം മുതിർന്ന പൗരൻമാരെ ആദരിക്കുകയും മാർച്ച് 31 വരെ ശ്രവണ സഹായികൾക്ക് സ്പെഷ്യൽ ഡിസ്ക്കൗണ്ടും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447402676 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.